# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.ബി.പി.464/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 09/06/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നമ്പർ: കെ.എസ്.എ.ഇ.കെ.എം.ബി.പി.464/22 തീയ്യതി: 09/06/2022

## എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-07-2020 മുതൽ 08-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ കെ.ജി | ജോയിന്റ് ഡയറക്ടർ | 09-03-2022 | 15-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-03-2022 | 15-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി .മിനു.പി.കെ , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ഷൈജു.മാത്യു,ഓഡിറ്റ് ഓഫീസർ
ശ്രീ. റഷീദ് .സി.എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഷൈബി.ഇ.ഡി ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സ്വപ്ന.വി, ഓഡിറ്റർ
ശ്രീ.മുഹമ്മദ് ഷാഫി വി എം,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എം ആർ ആന്റണി | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-12-2020 | 29-12-2020 |
| ശ്രീമതി ട്രീസ മാനുവൽ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി ശ്രീകല ഒ | സെക്രട്ടറി | 01-04-2020 | 03-02-2021 |
| ശ്രീ.സന്തോഷ്. എൻ. | സെക്രട്ടറി | 04-02-2021 | 09-02-2021 |
| ശ്രീ.രാജ്കുമാർ. ജി | സെക്രട്ടറി | 10-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിൻസി എബ്രഹാം | അസിസ്റ്റന്റ് കൃഷി ഡയറക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി മഞ്ജുബാല കെ റ്റി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ ജിനു വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 25-06-2020 |
| ശ്രീമതി മേരി കാതറിൻ ജോർജ്ജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 26-06-2020 | 06-08-2020 |
| ശ്രീമതി സുനിത പി എം | അസിസ്റ്റന്റ് എഞ്ചിനീയർ | 07-08-2020 | 31-03-2021 |
| ശ്രീമതി ബിന്ദുമോൾ പി എസ് | ചൈൽഡ് ഡവലപ്പ്മന്റ് പ്രോഗ്രാം ഓഫീസർ, ഇടപ്പിള്ളി മെയിൻ (കാക്കനാട് ) | 01-04-2020 | 31-03-2021 |
| ശ്രീമതി സിനി എ | ചൈൽഡ് ഡവലപ്പ്മന്റ് പ്രോജക്റ്റ് ഓഫീസർ, ഇടപ്പിള്ളി അഡീഷണൽ (കളമശ്ശേരി ) | 01-04-2020 | 31-03-2021 |
| ഡോ മനോജ് അഗസ്റ്റിൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി,പിഴല) | 01-04-2020 | 31-03-2021 |
| ഡോ സെലിൻ ടെൻസി റ്റി എ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി,മാലിപ്പുറം) | 01-04-2020 | 31-03-2021 |
| ശ്രീമതി അഞ്ജു | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 08-06-2020 |

| | | | |
|---|---|---|---|
| കുര്യൻ | | | |
| ശ്രീമതി ഷൈമ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 09-06-2020 | 31-03-2021 |
| ശ്രീമതി നിഷ എം പോൾ | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 18-02-2021 |
| ശ്രീ ജെയിംസ് എ കെ | പട്ടികജാതി വികസന ഓഫീസർ | 19-02-2021 | 31-03-2021 |
| ഡോ ജിനു ആനി ജോസ് | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി,ചേരാനെല്ലൂർ) | 01-04-2020 | 31-03-2021 |
| ശ്രീമതി.ജാസ്മിൻ ബി | വ്യവസായ വികസന ഓഫീസർ | 01-04-2020 | 18-08-2020 |
| ശ്രീമതി പ്രിയ എസ് | വ്യവസായ വികസന ഓഫീസർ | 19-08-2020 | 30-11-2020 |
| ശ്രീമതി ദിപ കെ കെ | വ്യവസായ വികസന ഓഫീസർ | 01-12-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.K.Minu (Audit Officer, On 12-03-2022)<br>Last Updated By: Bindu L (Computer Assistant, On 21-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: C.M.Rasheed (Asst. Audit Officer, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 21-05-2022) | 1-2 |
| 3 | ധനകാര്യ പത്രിക അപാകത – വിശദീകരണം ലഭ്യമാക്കണം<br>Written By: C.M.Rasheed (Asst. Audit Officer, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 21-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: P.K.Minu (Audit Officer, On 12-03-2022)<br>Last Updated By: Bindu L (Computer Assistant, On 21-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: P.K.Minu (Audit Officer, On 12-03-2022)<br>Last Updated By: Bindu L (Computer Assistant, On 21-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: P.K.Minu (Audit Officer, On 12-03-2022)<br>Last Updated By: Bindu L (Computer Assistant, On 21-05-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.K.Minu (Audit Officer, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 21-05-2022) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: P.K.Minu (Audit Officer, On 12-03-2022)<br>Last Updated By: Bindu L (Computer Assistant, On 21-05-2022) | 1-7 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: P.K.Minu (Audit Officer, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 03-06-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.K.Minu (Audit Officer, On 12-03-2022)<br>Last Updated By: Bindu L (Computer Assistant, On 21-05-2022) | 1-9 |
| 11 | ജനറേറ്റർ വാങ്ങൽ - നടപടികൾ പൂർണ്ണമല്ല.<br>Written By: Swapna.V (Auditor, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 21-05-2022) | 1-10 |
| 12 | കാർഷിക യന്ത്രവത്കരണം-പദ്ധതി നടപ്പാക്കിയതിലെ ന്യൂനതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 21-05-2022) | 1-11 |
| 13 | മരുന്ന് വാങ്ങൽ - സ്റ്റോക്ക് രേഖപ്പെടുത്തൽ പൂർണ്ണമല്ല<br>Written By: Swapna.V (Auditor, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 21-05-2022) | 1-12 |
| 14 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-പദ്ധതി നടപ്പാക്കുന്നതിലെ ന്യൂനതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 21-05-2022) | 1-13 |
| 15 | എസ് സി വിമൻസ് ഹോസ്റ്റൽ - കണക്ക് സൂക്ഷിപ്പിലെ അപാകതകൾ<br>Written By: C.M.Rasheed (Asst. Audit Officer, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 21-05-2022) | 1-14 |
| 16 | വനിത ഹോസ്റ്റൽ കണക്ക് പരിശോധന – തുടർ നടപടി സ്വീകരിച്ചില്ല.<br>Written By: C.M.Rasheed (Asst. Audit Officer, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 03-06-2022) | 1-15 |
| 17 | വിമൻസ് ഹോസ്റ്റൽ - തനത് ഫണ്ട് അധികമായി ചെലവഴിച്ചു. | 1-16 |

| | | |
|---|---|---|
| | Written By: C.M.Rasheed (Asst. Audit Officer, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 21-05-2022) | |
| 18 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: P.K.Minu (Audit Officer, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 21-05-2022) | 1-17 |
| 19 | വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി - അപാകതകൾ<br>Written By: P.K.Minu (Audit Officer, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 21-05-2022) | 1- 18 |
| 20 | പദ്ധതി നടത്തിപ്പിന്റെ വിശദ വിവരങ്ങളില്ല<br>Written By: P.K.Minu (Audit Officer, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 21-05-2022) | 1-19 |
| 21 | ഓട്ടോറിക്ഷ-ജനറൽ-അനുവദിച്ച തുക വിനിയോഗിക്കാത്തപക്ഷം സബ്സിഡി തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Shaiby.E.D (Asst. Audit Officer, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 21-05-2022) | 1-20 |
| 22 | മരുന്ന് വാങ്ങൽ - മുഴുവൻ തുകയും ലഭ്യമായില്ല<br>Written By: Swapna.V (Auditor, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 24-05-2022) | 1-21 |
| 23 | മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടില്ല<br>Written By: Swapna.V (Auditor, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 24-05-2022) | 1-22 |
| 24 | മുളവുകാട് ശ്മശാനം-നവീകരണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമല്ല<br>Written By: Shaiju Mathew (Audit Officer, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 03-06-2022) | 1-23 |
| 25 | ഗ്രാമപഞ്ചായത്തിനു കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ചെലവുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും ചെലവഴിച്ചു<br>Written By: Swapna.V (Auditor, On 15-03-2022)<br>Last Updated By: Bindu L (Computer Assistant, On 24-05-2022) | 1-24 |
| 26 | പ്രവൃത്തി പൂർത്തീകരണം:തുടർവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Shaiju Mathew (Audit Officer, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 03-06-2022) | 1-25 |
| 27 | ടെൻഡർ നടപടികളിലെ അപാകങ്ങൾ<br>Written By: Shaiju Mathew (Audit Officer, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 24-05-2022) | 1-26 |
| 28 | കെ എസ് ഇ ബി ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല<br>Written By: Swapna.V (Auditor, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 24-05-2022) | 1-27 |
| 29 | ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ,ടെൻഡർ ഫീ വിവരങ്ങൾ ലഭ്യമല്ല<br>Written By: Shaiju Mathew (Audit Officer, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 04-06-2022) | 1-28 |
| 30 | ഭാഗികമായി മാത്രം പൂർത്തീകരിച്ച പ്രവൃത്തികൾ<br>Written By: Shaiju Mathew (Audit Officer, On 14-03-2022)<br>Last Updated By: Bindu L (Computer Assistant, On 04-06-2022) | 1-29 |
| 31 | ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ നിലനിൽക്കുന്നു<br>Written By: Shaiby.E.D (Asst. Audit Officer, On 13-03-2022)<br>Last Updated By: Bindu L (Computer Assistant, On 24-05-2022) | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: C.M.Rasheed (Asst. Audit Officer, On 14-03-2022) | 4-1 |

| | | |
|---|---|---|
| | Last Updated By: Bindu L (Computer Assistant, On 25-05-2022) | |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.K.Minu (Audit Officer, On 12-03-2022)<br>Last Updated By: Bindu L (Computer Assistant, On 24-05-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.K.Minu (Audit Officer, On 12-03-2022)<br>Last Updated By: Bindu L (Computer Assistant, On 24-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P.K.Minu (Audit Officer, On 12-03-2022)<br>Last Updated By: Bindu L (Computer Assistant, On 24-05-2022) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: P.K.Minu (Audit Officer, On 12-03-2022)<br>Last Updated By: Bindu L (Computer Assistant, On 24-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P.K.Minu (Audit Officer, On 12-03-2022)<br>Last Updated By: Bindu L (Computer Assistant, On 25-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P.K.Minu (Audit Officer, On 12-03-2022)<br>Last Updated By: Bindu L (Computer Assistant, On 25-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P.K.Minu (Audit Officer, On 12-03-2022)<br>Last Updated By: Bindu L (Computer Assistant, On 25-05-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: P.K.Minu (Audit Officer, On 12-03-2022)<br>Last Updated By: Bindu L (Computer Assistant, On 25-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.K.Minu (Audit Officer, On 12-03-2022)<br>Last Updated By: Bindu L (Computer Assistant, On 04-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P.K.Minu (Audit Officer, On 15-03-2022)<br>Last Updated By: Bindu L (Computer Assistant, On 25-05-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 19.03.2020 തീയതിയിൽ ചേർന്ന യോഗത്തിലെ 1(1) നമ്പർ തീരുമാനപ്രകാരം തയ്യാറാക്കി അംഗീകരിച്ച ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് ഭരണസമിതിയുടെ 28.02.2019 തീയതിയിലെ 1(1) തീരുമാനപ്രകാരം ബജറ്റിന് അംഗീകാരം നൽകുകയുണ്ടായി.

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| വരവ് | 160924753 | 41760750 |
| ചെലവ് | 193089650 | 45437682 |

ബജറ്റ് പ്രകാരമുള്ള വരവു ചെലവുകൾ വാർഷിക ധനകാര്യ പത്രികയുമായി വലിയ അന്തരമുണ്ട്. ബജറ്റ് യാഥാർത്ഥ്യബോധ്യത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-21 | 13-7-21 | -- | |

### 1-2-1 ധനകാര്യ പത്രിക അപാകത – വിശദീകരണം ലഭ്യമാക്കണം

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. ആയതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 5 തീയതി 11.3.22) മറുപടി ലഭ്യമാക്കിയില്ല.

1. ധനകാര്യ പത്രിക I&E സ്റ്റേറ്റ്മെന്റിലെ ഷെഡ്യൂൾ 1-5(b) ഉൾപ്പെടുത്തിയിട്ടുള്ള 18111 രൂപ (Code No – 150300101 -Miscellaneous Sales) യുടെ വിശദ വിവരം ലഭ്യമാക്കേണ്ടതാണ്.

2. ധനകാര്യ പത്രിക I&E സ്റ്റേറ്റ്മെന്റിലെ ഷെഡ്യൂൾ 1-6 ഉൾപ്പെടുത്തിയിട്ടുള്ള 230 രൂപ (Code No – 160100799 – Other Revenue Grants) യുടെ വിശദ വിവരം ലഭ്യമാക്കിയില്ല.

3. ബ്ലോക്ക് പഞ്ചായത്തിലെ കരാറുകാരിൽ നിന്ന് ഈടാക്കുന്ന ടെണ്ടർ ഫോറത്തിന്റെ വില ധനകാര്യ പത്രികയിൽ Sale And Hire Charges ൽ ഉൾപ്പെടുത്തുന്നില്ല. വരവ് തുക അക്കൗണ്ട് ചെയ്യുന്ന രീതി വ്യക്തമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

4. ധനകാര്യ പത്രിക രസീപ്റ്റ് & പേയ് മെന്റ് ഷെഡ്യൂളിൽ RP 47 ൽ ലോൺസ്, അഡ്വാൻസ്, ഡെപ്പോസിറ്റ്സ് ഇനത്തിലെ Advance To Others – 741247 എന്ന തുകയുടെ വിശദ വിവരം ലഭ്യമാക്കിയില്ല.

5. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9, Other Liabilities ഹെഡിൽ (350300103) –15,160/- രൂപ വാറ്റ് ഇനത്തിൽ സർക്കാരിലേക്ക് അടവാക്കാനുള്ളതായി കാണുന്നു. ആയതിന്റെ വിശദ വിവരം ലഭ്യമാക്കിയില്ല.

6. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4, Grants For Specific Purpose – Solid Waste (320100203) എന്ന ഹെഡിൽ 20,000/- രൂപ 2018-19 മുതൽ നീക്കിയിരുപ്പായുണ്ട്. ടി തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല.

7. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4, Grants For Other Specific Purpose– Capital (320800199) എന്ന ഹെഡിൽ നീക്കിയിരുപ്പായി 7,89,737/- രൂപയാണുള്ളത്. ടി തുകയുടെ വിശദ വിവരം വ്യക്തമല്ല.

8) പട്ടികജാതി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ കെട്ടിടവും ഹോസ്റ്റലിനുവേണ്ടി ആർജ്ജിക്കുന്ന വസ്തു വകകളും ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ആണെന്നിരിക്കെ, ഈ സ്ഥാപനത്തിന്റെ വരവു ചെലവ് കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. ആസ്തി രജിസ്റ്ററും വാർഷിക ധനകാര്യപത്രികയിലെ B11 ഷെഡ്യൂളുമായി പൊരുത്തപ്പെടുത്തിയതിന്റെ വിവരം ലഭ്യമാക്കിയില്ല.

10. RP9 പ്രകാരം പലിശ ഇനത്തിൽ വരവൊന്നും രേഖപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 8041596.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 41760750 |
| ആകെ | | 49802346 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 45437682 |
| നീക്കിയിരിപ്പ് | | 4364664 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6408149 |

## 1-4 ഫണ്ട് വിനിയോഗം

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | | | 18519656 | |
| വികസന ഫണ്ട് (SCP) | 0 | | | 8222257 | |
| വികസന ഫണ്ട് (TSP) | 0 | | | 267861 | |
| മെയിന്റനൻസ് നോൺ റോഡ് (ACR പ്രകാരം) | 0 | 3548740 | 3548740 | 3548740 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് (ACR പ്രകാരം) | 0 | 3820000 | 3820000 | 1000251 | 2819749 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺ ടൈഡ് (ACR പ്രകാരം) | 0 | 3820000 | 3820000 | 2484924 | 1335076 |
| യു.ബി.ഐ തൃക്കാക്കര -മിസലേനിയസസ് | 1263958 | 1693963 | 2957921 | 1640163 | 1317758 |
| എം.കെ.എസ്.പി | 588 | 17 | 605 | 212 | 393 |
| ഐ.എ.വൈ സ്റ്റേറ്റ് ഷെയർ | 179315 | 5719 | 185034 | 36 | 184998 |
| ടോട്ടൽ സാനിറ്റേഷൻ | 1297948 | 41392 | 1339340 | 35 | 1339305 |
| ഐ.എ.വൈ ഡിപി /ജിപി | 322850 | 30529 | 353379 | 36 | 353343 |
| ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 20000 | 0 | 20000 | 0 | 20000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 88 | 52948869 | 75 | 35132104 | 62 | 13 | 85% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.03.2022 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേ ദിവസം വരവിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ലായെന്നും നീക്കിയിരുപ്പില്ലെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

തപാലുകൾ സെക്ഷനിലേക്ക് കൈമാറുന്നതിൽ കാലതാമസം

ബ്ലോക്ക് പഞ്ചായത്തിൽ ലഭിക്കുന്ന തപാലുകൾ സെക്ഷനുകളിലേക്ക് 20-21 വർഷത്തിൽ യഥാസമയം കൈമാറുന്നില്ലെന്നത് തപാൽ വിതരണ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ നിന്ന് വ്യക്തമാകുന്നു. ഉദാഹരണത്തിന് 9.6.20 ൽ ലഭിച്ച തപാൽ നമ്പർ 458, 459 എന്നിവ 15.6.20 ലും, 460,461എന്നിവ 16.6.20 ലും, 462,466 എന്നിവ 17.6.20 ലുമാണ് സെക്ഷനുകളിലേക്ക് കൈമാറിയിരിക്കുന്നത്. ചില തപാലുകൾ കൈപ്പറ്റിയിട്ടുള്ളവർ തീയതി ചേർക്കാതെയാണ് ഒപ്പിട്ട് കൈപ്പറ്റിയിട്ടുള്ളത്. ഉദാ: 463, 464, 465, 470, 471, 472. ഇത്തരത്തിൽ തപാലുകൾ വിതരണം ചെയ്യുന്നതിലെ കാലതാമസം യഥാസമയം സേവനങ്ങൾ ലഭ്യമാക്കുന്നതിന് വിഘാതം സൃഷ്ടിക്കുമെന്നതിനാൽ ഇത്തരം പ്രവണത ഒഴിവാക്കേണ്ടതാണ്. തപാലുകളുടെ വിതരണത്തിൽ കാര്യക്ഷമത ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹാജർ രജിസ്റ്റർ

ബ്ലോക്ക് ഓഫീസിലെ ഹാജർ രജിസ്റ്റർ 2020 ഒക്ടോബർ വരെ ശരിയായ രീതിയിലല്ല പരിപാലിച്ചിട്ടുള്ളത്. ഹാജർ രജിസ്റ്റർ കൃത്യമായ വിവരങ്ങൾ ചേർത്ത് പരിപാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

മോണിറ്ററിംഗ്

ഫയൽ നീക്കങ്ങളുടെ സുതാര്യത നിരീക്ഷിക്കുന്നതിനായി കാര്യക്ഷമമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. സൂചിക സോഫ്റ്റ്‌വെയർ ബ്ലോക്ക് പഞ്ചായത്തിൽ ഉപയോഗിച്ചിരുന്നെങ്കിലും ആ സംവിധാനം നിലവിൽ ഉപയോഗിക്കുന്നില്ല. ഫയൽ നീക്കം മോണിറ്റർ ചെയ്യപ്പെടുന്നതിന് സംവിധാനമൊരുക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5.11.21 മുതൽ 16.11.21 വരെ | 2020-21 | 20.01.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.10.2019 മുതൽ 23.10.2019 വരെ | 01.11.2016 മുതൽ 23.10.2019 വരെ | ലഭിച്ചിട്ടില്ല |

## 1-10 ജനറേറ്റർ വാങ്ങൽ - നടപടികൾ പൂർണ്ണമല്ല.

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഉപയോഗത്തിന് ജനറേറ്റർ വാങ്ങിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വാങ്ങൽ/ഇൻസ്റ്റലേഷൻ വിവരങ്ങൾ പൂർണ്ണമല്ല. അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം 20/14.3.22) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം | S0050/21 |
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സി പിഴലക്ക് ജനറേറ്റർ വാങ്ങൽ |
| എസ്റ്റിമേറ്റ് തുക | ആകെ - 773170/- |
| ഫണ്ടിനം | റോഡിതരം |
| ചെലവ് | 2020-21 – 514061<br>2021-22- 259109<br>ആകെ - 773170/- |
| ട്രഷറി ബിൽ നം. | 178/16.03.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പിഴല |

(21-22 വർഷം തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ (ബിൽ നം., ട്രഷറി ബിൽ നം. മുതലായവ) ലഭ്യമാക്കിയില്ല.

കേരള ഇലക്ട്രിക്കൽ &അലീഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡിൽ (KEL) നിന്നാണ് 30 കെ വി എ ജനറേറ്റർ വാങ്ങിയിട്ടുള്ളത്. കെല്ലിന്റെ എസ്റ്റിമേറ്റിലെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | Supply Of DG Set | 500000 |

| | | |
|---|---|---|
| 2 | Mechanical Erection | 99356 |
| 3 | Installation, Testing And Commissioning Including Inspectorate Approval | 173814 |
| Total | | 773170 |

മേൽ പ്രവൃത്തികളുടെ താഴെ പറയുന്ന ഇൻവോയ്സുകൾ ഓഡിറ്റിന് ലഭ്യമാക്കി.

| ക്രമ നം | ഇൻവോയ്സ് നം |
|---|---|
| 1 | 911/29.3.21 |
| 2 | 923/29.3.21 |

എസ്റ്റിമേറ്റിലെ ക്രമ നം (3) പ്രകാരമുള്ള ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള അനുമതി വാങ്ങലും അനുബന്ധ പ്രവൃത്തികളും നിർവ്വഹിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയ ഫയലിൽ ഇല്ല. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ ഫീസ് അടച്ചതിന്റേയും, പരിശോധന നടത്തിയതിന്റേയും കമ്മീഷനിംഗ് നടത്തിയതിന്റേയും രേഖകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് ഓഡിറ്റിൽ ഉറപ്പാക്കാൻ സാധിച്ചില്ല. ഇക്കാരണത്താൽ 1,73,814/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശം

1,73,814/- രൂപയുടെ ചെലവിന്റെ മുഴുവൻ നടപടികളും പൂർത്തിയാക്കേണ്ടതാണ്. തദനുബന്ധമായി ലഭിക്കുന്ന രേഖകൾ കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

21-22 വർഷം തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ (ബിൽ നം., ട്രഷറി ബിൽ നം. മുതലായവ) ഓഡിറ്റ് റിപ്പോർട്ടിന്റെ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-11 കാർഷിക യന്ത്രവത്കരണം-പദ്ധതി നടപ്പാക്കിയതിലെ ന്യൂനതകൾ

| | |
|---|---|
| പ്രോജക്ട് | SO 58/21 |
| പ്രോജക്ടിന്റെ പേര് | കാർഷിക യന്ത്രവത്കരണം |
| അടങ്കൽ | 140190/-(111030/-വികസന ഫണ്ട്-സാധാരണം,<br>29160/- ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 111030/- |
| ബിൽ നമ്പർ | 5/20-21 തീയതി 29.03.2021 |

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ എളങ്കുന്നപ്പുഴ പഞ്ചായത്തിലെ കാർഷിക കർമ്മസേനയ്ക്ക് 1,40,190/- രൂപ വിലവരുന്ന താഴെപ്പറയുന്ന ഉപകരണങ്ങൾ വാങ്ങിയതിന് 1,11,030/- രൂപ സബ്സിഡി അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്.

1. Coconut Climber- 5 എണ്ണം

2. KAMCO Bush Cutter KBC 300-2എണ്ണം

3. KAMCO Garden Tiller B30-1എണ്ണം

4. Aspee Rocker Sprayer-2എണ്ണം

5. Aspee Backpack Sprayer 13 Ltr-2എണ്ണം

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ്) 22/2018 തസ്വഭവ 14.02.2018 ഖണ്ഡിക നം. 6.1, ക്രമ നം.8 പ്രകാരം തദ്ദേശഭരണ സ്ഥാപനതലത്തിൽ കൃഷിഭവൻ ഉൾപ്പെടെയുള്ള പൊതുസംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ട് കൃഷി ഓഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഉപകരണങ്ങൾ വാങ്ങേണ്ടത്. എന്നാൽ ഇത്തരം ഒരു റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

2. പദ്ധതി മാർഗ്ഗരേഖ പ്രകാരം കാർഷിക കർമ്മസേനയുമായി ഏർപ്പെടുന്ന കരാറിൽ ഉപകരണങ്ങൾ പൊതുആവശ്യത്തിന് മാത്രമേ ഉപയോഗിക്കൂ എന്നും സ്വകാര്യവ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത്

20% കുറഞ്ഞവാടകയ്ക്ക് കർഷകർക്ക് ലഭ്യമാക്കാം എന്ന നിബന്ധന ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഫയലിൽ ചേർത്തിട്ടുള്ള കരാറിൽഈ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും വാങ്ങിയ ഉപകരണങ്ങളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെയുംഉപകരണങ്ങൾ വാടകയ്ക്ക് നൽകുന്നുണ്ടെങ്കിൽ ആയതിന്റെ രജിസ്റ്ററും രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണെന്ന് ആവശ്യപ്പെട്ട് 13.03.2022 ൽ നൽകിയ 17ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വാങ്ങിയ കാർഷികോപകരണങ്ങളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെയും ഉപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിന്റെയും രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-12 മരുന്ന് വാങ്ങൽ - സ്റ്റോക്ക് രേഖപ്പെടുത്തൽ പൂർണ്ണമല്ല

| | |
|---|---|
| പ്രോജക്ട് നം | S001 7/21 |
| പ്രോജക്ടിന്റെ പേര് | മരുന്ന് വാങ്ങൽ |
| എസ്റ്റിമേറ്റ് തുക | 300000 |
| ഫണ്ടിനം | റോഡിതരം |
| ചെലവ് | 300000/- |
| ട്രഷറി ബിൽ നം | 35/11.6.20,50/10.8.20,118 /21.12.20,170/26.221 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പിഴല |

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നാണ് മരുന്ന് വാങ്ങിയിട്ടുള്ളത്. തുക നൽകിയതിന്റേയും ബില്ലിന്റേയും വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ട്രഷറി ബിൽ നം | തുക | സപ്ലൈകോ ഇൻവോയ്സ് നം |
|---|---|---|---|
| 1 | 35/11.6.20 | 110599 | 0703301/2047 /3.6.20 |
| 2 | 50/10.8.20 | 34083 | വ്യക്തമല്ല |
| 3 | 118/21.12.20 | 31800 | 0703301/2020 /27.10.20 |
| 4 | 170/26.221 | 123518 | 0703301/2034 /15.6.20 |

ലഭ്യമായ മരുന്നുകൾ ശരിയായ രീതിയിൽ സ്റ്റോക്ക് എൻട്രി നടത്തിയിട്ടില്ല. ക്രമം നം (1) ലെ ഇൻവോയ്സ് പ്രകാരം Ecosprine 75 Mg 3000 എണ്ണവും ക്രമം നം (2) ലെ ഇൻവോയ്സ് പ്രകാരം Cinnerzine 75 Mg 200 എണ്ണവും ലഭിച്ചിട്ടുണ്ട്. ഇവ സ്റ്റോക്ക് എൻട്രി നടത്തിയതായി കാണാൻ സാധിച്ചില്ല. കൂടാതെ മറ്റ് മരുന്നുകളും ബില്ലും സ്റ്റോക്ക് എൻട്രിയും ഒത്ത് നോക്കുന്നതിന് പര്യാപ്തമല്ല. സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തൽ ശരിയായ രീതിയിൽ നടത്താത്തതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ 14) മറുപടി ലഭ്യമാക്കിയില്ല. കൂടാതെ ഓരോ ഇനങ്ങളും കൃത്യമായി രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല. മരുന്നുകളുടെ സ്റ്റോക്ക് എൻട്രി കൃത്യമാക്കേണ്ടതാണ്.

## 1-13 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-പദ്ധതി നടപ്പാക്കുന്നതിലെ ന്യൂനതകൾ

ബ്ലോക്ക് പഞ്ചായത്തിൽ 2020-21 വർഷം ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനായി മൂന്ന് പ്രൊജക്ടുകൾക്കാണ് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്.

| പ്രോജക്ട് നം., പേര് | 36/21 ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന വനിത കർഷകർക്ക് പാലിന് സബ്സിഡി | 38/21 ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 3089/21 ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന വനിത കർഷകർക്ക് പാലിന് സബ്സിഡി |
|---|---|---|---|
| അടങ്കൽ | 390000/- (വികസന ഫണ്ട് സാധാ) | 180000 (വികസന ഫണ്ട് സാധാ) | 51911 (വികസന ഫണ്ട് സാധാ) |
| ചെലവ് | 390000/- | 180000/- | 51911/- |

തുക ചെലവഴിച്ചിട്ടുള്ളത്. വനിതാ ഘടകപദ്ധതിയിലുൾപ്പെടുത്തി ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന വനിതാ കർഷകർക്ക് സബ്സിഡി നൽകുന്നതിന് തൻവർഷം ആവിഷ്കരിച്ച ഒരു പദ്ധതിയും സ്പിൽ ഓവറായി മറ്റൊരു പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. കൂടാതെ, ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി എന്ന മറ്റൊരു പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്കും ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. അതിനാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ആനുകൂല്യം കൈപ്പറ്റുന്ന കർഷകർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ഇതേ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന നാല് ഗ്രാമപഞ്ചായത്തുകളിൽ ഒന്നിൽ മാത്രമാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് നിർവ്വഹണോദ്യോഗസ്ഥ വാക്കാൽ അറിയിച്ചെങ്കിലും ഇക്കാര്യം സാക്ഷ്യപ്പെടുത്തിയിട്ടില്ല. വനിതാ കർഷകരായ ഗുണഭോക്താക്കളുടെ കുടുംബാംഗങ്ങൾ തന്നെ പൊതുവിഭാഗത്തിനുള്ള പദ്ധതിയിൽ ഉൾപ്പെടുവാനുള്ള സാദ്ധ്യതയും നിലനിൽക്കുന്നുണ്ട്. ഈ അപാകത ഒഴിവാക്കുന്നതിന് റേഷൻകാർഡ് അടിസ്ഥാനമാക്കി ഗുണഭോക്തൃലിസ്റ്റ് പരിശോധിക്കേണ്ടതുണ്ടെന്നാണ് നിർവ്വഹണോദ്യോഗസ്ഥ വിശദീകരിച്ചത്. എന്നാൽ ഇത്തരം പരിശോധനകൾ നിലവിൽ നടക്കുന്നില്ല. പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും ആയത് സാധൂകരിക്കുന്നതിന് ഫയലിൽ രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.

## 1-14 എസ് സി വിമൻസ് ഹോസ്റ്റൽ - കണക്ക് സൂക്ഷിപ്പിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ എസ്. സി വനിത ഹോസ്റ്റൽ പ്രവർത്തിക്കുന്നുണ്ട്. ഹോസ്റ്റലിന്റെ കണക്ക് സൂക്ഷിപ്പിൽ പോരായ്മകളുണ്ട്. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 2/11.3.22) നൽകിയതിന് നൽകിയ മറുപടി കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

1. ഹോസ്റ്റലിലെ റെന്റ് തുകകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാന്റേയും എക്സ്റ്റൻഷൻ ഓഫീസറുടേയും പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. വരവ് തുക സൂക്ഷിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് ആരംഭിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ ഹോസ്റ്റൽ ബൈലോയിൽ നിർദ്ദേശിച്ചിട്ടുള്ളതു കൊണ്ടാണ് അപ്രകാരം അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിച്ചു.

2. ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ബാങ്കിന്റെ പേര് | ബാങ്ക് ഓഫ് ബറോഡ |
| അക്കൗണ്ട് നം. | 30580100001589 |
| അക്കൗണ്ട് ആരംഭിച്ച തീയതി | 7/2/2012 |
| 2020-21 വർഷത്തെ വരവ് | 21500 |
| 2020-21 വർഷത്തെ ചെലവ് | 221690 |
| നിലവിലെ നീക്കിയിരിപ്പ് | 342368.25 |

3. പ്രസ്തുത അക്കൗണ്ടിലെ വരവ് ചെലവ് എന്നിവ ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല. ധനകാര്യ പത്രികയിൽ വരവും ചെലവും ഉൾപ്പെടുത്താതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ട് അല്ലാത്തിനാലാണ് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താത് എന്ന് അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

ഹോസ്റ്റലിന്റെ വരവ് ചെലവ് കണക്കുകൾ സെക്രട്ടറി നിരീക്ഷിക്കേണ്ടതും ധനകാര്യ പത്രികയിൽ വരവ് ചെലവ് കണക്കുകൾ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-15 വനിത ഹോസ്റ്റൽ കണക്ക് പരിശോധന – തുടർ നടപടി സ്വീകരിച്ചില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള വനിത ഹോസ്റ്റലിലെ കണക്ക് സൂക്ഷിപ്പിൽ അപാകത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കണക്ക് പരിശോധന നടത്തുന്നതിന് വൈസ് പ്രസിഡന്റ് ഉൾപ്പെടെയുള്ള ഉപസമിതിയെ നിയോഗിച്ചു. ഉപസമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2020 ജനുവരി മാസം വരെയുള്ള കാലയളവിൽ കണക്കുകളിൽ 35,869/- രൂപയുടെ കുറവ് ഉണ്ടായതായും, പ്രസ്തുത തുക മേട്രൺ ആയി ജോലി ചെയ്തിരുന്ന ശ്രീമതി ബിജിയുടെ വേതനത്തിൽ നിന്ന് ഈടാക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട് (കമ്മറ്റി തീരുമാനം നം 6/10.2.20). പ്രസ്തുത നടപടിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിവരങ്ങൾ/വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 3 തീയതി 11.3.3022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. ഉപസമിതിയുടെ റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

2. വിവിധ ഇനങ്ങളിലായി 35869 രൂപയുടെ കുറവ് ഉണ്ടായതായി കണ്ടെത്തിയെങ്കിലും മേട്രന്റെ പേരിൽ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

3. ശ്രീമതി ബിജിയുടെ വേതനത്തിൽ നിന്ന് തുക ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കിയില്ല.

ഓഡിറ്റ് വിലയിരുത്തൽ / നിർദ്ദേശം

ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്ഥാപനത്തിന്റെ കണക്ക് സൂക്ഷിപ്പിൽ ക്രമക്കേട് സംഭവിച്ചത് അർഹിക്കുന്ന ഗൗരവത്തിൽ ബ്ലോക്ക് പഞ്ചായത്ത് പരിഗണിച്ചതായി കാണുന്നില്ല. വ്യക്തമായ മേൽനോട്ടത്തിന്റെ അഭാവത്തിലാണ് അപാകത സംഭവിച്ചത്. അപാകത ആവർത്തിക്കാതിരുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണ്. കൂടാതെ ശ്രീമതി ബിജിയുടെ വേതനത്തിൽ നിന്ന് തുക ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-16 വിമൻസ് ഹോസ്റ്റൽ - തനത് ഫണ്ട് അധികമായി ചെലവഴിച്ചു.

എസ്. സി വനിത ഹോസ്റ്റലിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന് പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ട്. പ്ലാൻ ഫണ്ടും തനത് ഫണ്ടും വകയിരുത്തി ആവിഷ്കരിച്ച പ്രൊജക്ടിന്റെ ഭാഗമായി തനത് ഫണ്ട് വകയിരുത്തിയതിലും അധികം വിനിയോഗിച്ചു. ഇപ്രകാരം തുക ചെലവഴിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 1 തീയതി 10.02.21) മറുപടി ലഭ്യമാക്കിയില്ല. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

പ്ലാൻ ഫണ്ട് ഉപയോഗിച്ച് ആവിഷ്കരിച്ച പ്രൊജക്ടിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | 97/21 |
| അടങ്കൽ | 1)പ്ലാൻ ഫണ്ട് പൊതുവിഭാഗം-848100/-<br>2)തനത് ഫണ്ട് -58100/- |
| ചെലവ് | പ്ലാൻ ഫണ്ട് പൊതുവിഭാഗം-763290 |

തനത് ഫണ്ടിൽ നിന്ന് വകയിരുത്തിയ 58100 രൂപ 2021-22 ൽ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ ഇത് കൂടാതെ തനത് ഫണ്ടിൽ നിന്ന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം | ചെക്ക് നം | തുക | ഇനം |
|---|---|---|---|---|
| 1 | 44/21/22.06.20 | 0361669/22.6.20 | 10000 | സോളാർ പാനൽ രജിസ്റ്റർ ചെയ്യുന്നതിന് കെ എസ് ഇ ബി യിൽ അടക്കുന്നതിന് അസി:എഞ്ചിനീയർ ബ്ലോക്ക് |

| | | | | |
|---|---|---|---|---|
| | | | | പഞ്ചായത്തിന് നൽകിയ തുക |
| 2 | 50/21/26.6.20 | 0361675/22.6.20 | 1900 | ജി എസ് റ്റി ഇനത്തിൽ ക്ലർക്ക് ശ്രീമതി ലത കെ എലിന് നൽകിയ തുക |

പ്രസ്തുത ചെലവുകൾ സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ/ വിശദീകരണം ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. പ്ലാൻ ഫണ്ട് നീക്കിയിരിപ്പുണ്ടായിട്ടും തനത് ഫണ്ട് വിനിയോഗിച്ചതിന്റെ കാരണം വ്യക്തമല്ല.

2. ചെലവിന്റെ രേഖകൾ (രസീത് മുതലായവ) ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമാക്കിയില്ല.

3. തനത് ഫണ്ടിൽ നിന്ന് വിനിയോഗിച്ച തുകകൾ റീക്കൂപ്പ് ചെയ്തിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും വിവരം ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

പ്ലാൻ ഫണ്ട് നീക്കിയിരിപ്പ് ഉണ്ടായിട്ടും തനത് ഫണ്ട് അധികമായി ചെലവഴിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ഐ.കെ.എം. പ്രവർത്തന ഫണ്ട് (പ്രോജക്റ്റ് നം. 05/21) |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹40000/- |
| ഫണ്ടിനം | വികസനഫണ്ട് ജനറൽ |
| ചെലവ് | ₹40000/-<br>{ബിൽ നം. 86/7.10.20 ₹32209/-<br>" 233/30.03.21 ₹2838/-<br>" 177/10.03.21 ₹4953/-} |

IKM കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷന്റെ 18.3.2020 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ പദ്ധതി പ്രകാരം ഐ.കെ.എം. ന് ₹40,000/-നൽകിയിട്ടുണ്ട്. എന്നാൽ ആയതിന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകി (നം. 21) യെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക ₹40,000/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1- 18 വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി - അപാകതകൾ

| പ്രോജക്റ്റിന്റെ പേര്/പ്രോജക്റ്റ് നം. | 7/21 വജ്ര ജൂബിലി ഫെല്ലോഷിപ്പ് | SO 109/21 വജ്ര ജൂബിലി ഫെല്ലോഷിപ്പ് |
|---|---|---|
| അടങ്കൽ | ₹240000/- | ₹65000/- |
| ചെലവ് | ₹220000/- | ₹60000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |

മേൽ പ്രോജക്റ്റുകൾ പ്രകാരം 4 കലാകാരന്മാർക്ക് പ്രതിമാസം ₹5000/- വീതം വർഷം മുഴുവൻ ഫെല്ലോഷിപ്പ് ഇനത്തിൽ തുക നൽകിയിട്ടുണ്ട്. 19-20 വർഷത്തിലെ അവസാന മാസങ്ങളിലേത് (പ്രോജക്റ്റ് നം.109/21) ഉൾപ്പെടെയുള്ള തുകയാണ് 20-21 ൽ ചെലവായിട്ടുള്ളത്. എന്നാൽ മേൽ പ്രോജക്റ്റിന്റെ ഫയൽ പരിശോധിച്ചതിൽ ഇവർ പഞ്ചായത്ത് പരിധിയിലുള്ള പഠിതാക്കൾക്ക് സേവനം നൽകിയത് സംബന്ധിച്ച് പഞ്ചായത്തിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. കൂടാതെ ഇവരുടെ അറ്റൻഡൻസ് സംബന്ധിച്ച് ക്ലസ്റ്റർ കൺവീനർ ലഭ്യമാക്കേണ്ട ഹാജർ വിവരങ്ങളും ഫയലിൽ ഉൾച്ചേർത്തിട്ടില്ല. ആയത് ഹാജരാക്കേണ്ടതും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ സുതാര്യമായി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-19 പദ്ധതി നടത്തിപ്പിന്റെ വിശദ വിവരങ്ങളില്ല

| പ്രോജക്റ്റിന്റെ പേര്/പ്രോജക്റ്റ് നം. | 74/21 PMAYഭവന പദ്ധതി – അഡീഷണൽ ഫണ്ട് | 105/21 ലൈഫ് മിഷൻ – ബ്ലോക്ക് വിഹിതം | 111/21 പട്ടികവർഗ്ഗ വിഭാഗക്കാരുടെ വീട് വാസയോഗ്യമാക്കൽ-TSP ബ്ലോക്ക് വിഹിതം | 76/21 ലൈഫ് മിഷൻ – PMAYഭവന പദ്ധതി ബ്ലോക്ക് വിഹിതം | 1/21 ലൈഫ് മിഷൻ – ഭവന പദ്ധതി മൂന്നാം ഘട്ടം (ബ്ലോക്ക് വിഹിതം-ജനറൽ) | 77/21ലൈഫ് മിഷൻ – PMAY-SCP-ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ |
|---|---|---|---|---|---|---|
| അടങ്കൽ | ₹400000/- | ₹200000/- | ₹278000/- | ₹3800000/- | ₹1355000/- | ₹800000/- |
| ചെലവ് | ₹112000/- | ₹200000/- | ₹267861/- | ₹3480000/- | ₹1309953/- | ₹800000/- |
| വൗച്ചർ നമ്പർ | 120020100119/ 30.3.21 | 120020100009 /24.07.20 | ₹148475/- 120020100088 /19.01.21<br>₹119386/- 120020100115 /29.03.21 | ₹580000/- 120020100006 /06.10..20<br>₹520000/- 120020100056 /28.10.20<br>₹80000/- 120020100073 /11.01.21<br>₹100000/- 120020100074 /11.01.21<br>₹600000/- 120020100008 /13.01.21<br>₹600000/ 120020100067 /14.01.21<br>₹160000/- 120020100089 /21.01.21<br>₹640000/-- 120020100090 /21.01.21<br>₹100000/- 120020100201 /02.02.21<br>₹100000/- 120020100108 /26.03.21 | ₹200000/- 120020100007 /18.8..20<br>₹600000/- 120020100050 /15.10..20<br>₹200000/- 120020100080 /16.01..20<br>₹105000/- 120020100091 /17.02..21<br>₹200000/- 120020100196 /02.02..21<br>₹4953/- 120020100096 /17.02..21 | ₹100000/- 120020100010 /07.10..20<br>₹200000/- 120020100070 /11.01..21<br>₹440000/- 120020100098 /18.02..21<br>₹60000/- 120020100105 /23.03..21 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |

മേൽ പ്രോജക്റ്റുകൾ പ്രകാരം ചെലവഴിച്ചിട്ടുള്ള തുകകൾ ഏതേത് പഞ്ചായത്തുകൾക്ക് എത്ര വീതം നൽകിയെന്നതിന്റെ വിവരമോ, പഞ്ചായത്തുകൾ തുക ആവശ്യപ്പെട്ടതിന്റെ വിവരമോ, തുക കൈപ്പറ്റിയ വിവരമോ ലഭ്യമല്ല. തുക നൽകുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളുമായി നടത്തിയ കത്തിടപാടിന്റെ വിവരങ്ങളൊന്നും തന്നെ ഓഡിറ്റിന് ലഭ്യമായില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മേൽ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.8/11.03.22) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. പഞ്ചായത്തുകൾക്ക് വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ബ്ലോക്ക് വിഹിതം നൽകേണ്ടി വരുന്ന അവസരങ്ങളിൽ ആയത് സംബന്ധിച്ച രേഖകൾ ഫയലിൽ ഉൾച്ചേർത്ത് വയ്ക്കുന്നതിന് ശ്രദ്ധിക്കേണ്ടതും തുകകളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 61,69,814/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-20 ഓട്ടോറിക്ഷ-ജനറൽ-അനുവദിച്ച തുക വിനിയോഗിക്കാത്തപക്ഷം സബ്സിഡി തുക തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് | S57/21 |
| പ്രോജക്റ്റിന്റെ പേര് | ഓട്ടോറിക്ഷ-ജനറൽ |
| അടങ്കൽ | 10,00,000/- (200000/-വികസന ഫണ്ട്-സാധാരണം,<br>800000/- ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 1,00,000/- |
| ബിൽ നമ്പർ | 220/20-21 തീയതി 30.03.2021 തുക 50000/-<br>221/20-21 തീയതി 30.03.2021 തുക 50000/- |

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ രണ്ട് വ്യക്തികൾക്ക് ഓട്ടോറിക്ഷ വാങ്ങിയതിന് സബ്സിഡി ഇനത്തിൽ ഒരു ഗുണഭോക്താവിന് 50,000/- രൂപ വീതം ആകെ 1,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. തുക കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ഒരാളായ ശ്രീ.സെബാസ്റ്റ്യൻ എം. എ,

മനയത്ത് വീട്, വല്ലാർപ്പാടം പി. ഒ എന്ന വ്യക്തി ബ്ലോക്കിൽ നിന്നും അനുവദിച്ച തുക വേണ്ടെന്ന് വയ്ക്കുന്നതായി കത്ത് നൽകിയിട്ടുണ്ട്. ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാക്കിയ തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വല്ലാർപ്പാടം ശാഖയിലുള്ള ടിയാളുടെ 67131514691 എന്ന അക്കൗണ്ടിലേക്ക് തെറ്റായി നൽകിയതായും കത്ത് ലഭിച്ച് ഏഴ് ദിവസങ്ങൾക്കകം സർക്കാരിലേക്ക് അടവാക്കുന്നതിനായി തുക തിരികെ ഏല്പിക്കണമെന്നും വ്യവസായ വികസന ഓഫീസർ 15.11.2021 ൽ ഐ ഇ ഒ – ഇടപ്പള്ളി ബ്ലോക്ക് - 2021-21 നമ്പറായി കത്ത് നൽകിയിട്ടുണ്ട്. ഈ തുക ഗുണഭോക്താവിൽ നിന്ന് തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ 13.03.2022 ലെ 16ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ സബ്സിഡി തുക ഗുണഭോക്താവ് വിനിയോഗിക്കുന്നില്ലെന്ന് വ്യക്തമായിട്ടുള്ളതിനാൽ തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 മരുന്ന് വാങ്ങൽ - മുഴുവൻ തുകയ്ക്കും ലഭ്യമായില്ല

2020-21 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ എഫ് .എച്ച്.സി ചേരാനെല്ലൂർ നടപ്പിലാക്കിയ പി.എച്ച്.സി ക്ക് മെഡിസിൻ എന്ന പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 24/20-21 |
| പ്രൊജക്ടിന്റെ പേര് | പി .എച്ച്. സി ക്ക് മരുന്ന വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ചേരാനെല്ലൂർ |
| അടങ്കൽ തുക | ₹366000/-(മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവ് തുക/ബിൽനം./തീയതി | ₹180205/-(ബിൽ നം.53/10.8.2 |

മേൽ പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി ₹1,80,205/- കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ടാക്സ് ഇൻവോയിസ് നം.11383/-,5.11.20 പ്രകാരം ₹30,966/-ടെ മരുന്നും ഇൻവോയിസ് നം. 9996/-30.9.20 പ്രകാരം ₹6597/-ടെ മരുന്നും ഇൻവോയിസ് നം. 9743/-23.9.20 പ്രകാരം ₹1,18,121/- ടെ മരുന്നും ഉൾപ്പെടെ ആകെ ₹1,55,684/-ടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. ബാക്കി ₹24,521/- ടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനക്കായി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/11.3.2022) മറുപടി ലഭ്യമായിട്ടില്ല. ബാക്കി മരുന്നുകൾ കൂടി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ലഭ്യമാകാത്ത മരുന്നുകളുടെ വില 24,521/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-22 മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടില്ല

2020-21 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ സി.എച്ച്.സി മാലിപ്പുറം നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു

എ)

| | |
|---|---|
| പ്രോജക്ട് നമ്പർ | 19/20-21 |
| പ്രൊജക്ടിന്റെ പേര് | സി.എച്ച്സി മാലിപ്പുറം – മരുന്നവാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,സി എച്ച്.സി, മാലിപ്പുറം |
| അടങ്കൽ തുക | ₹300000/-(മെയിന്റനൻസ് ഫണ്ട്,റോഡിതരം) |
| ചെലവ് തുക /ബിൽനം/തീയതി | ₹300000/-<br>9/20-21,23.1.21 |

മേൽ പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി കേരളമെഡിക്കൽ സർവീസസ് കോർപ്പറേഷന് ₹3,00,000/- നൽകിയിട്ടുണ്ട്. (പ്രോഫോമ ഇൻവോയിസ് നം.PRF 3627/23.11.20) എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ ഫയൽ പരിശോധിച്ചതിൽ നിന്നും ലഭ്യമായിട്ടില്ല.

ബി)

| | |
|---|---|
| പ്രോജക്ട് നമ്പർ | 95/20-21 |

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | ക്യാൻസർ വിമുക്ത എറണാകുളം-ആരോഗ്യപ്രവർത്തകർക്കും ഡോക്ടർമാർക്കും പരിശീലനം നൽകൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,സി എച്ച്.സി, മാലിപ്പുറം |
| അടങ്കൽ തുക | ₹171225/-(വികസന ഫണ്ട് ,പൊതുവിഭാഗം സാധാരണ വിഹിതം) |
| ചെലവ് തുക/ബിൽനം. /തീയതി | ₹171225/-<br>₹99850/-,7/11.4.20<br>₹71375/-,6/11.4.20 |

മേൽ പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി കേരളമെഡിക്കൽ സർവീസസ് കോർപ്പറേഷന് ₹99,850/- യും (പ്രോഫോമ ഇൻവോയിസ് നം.PRF 4737/20.2.20) ഓസ്റ്റം വെള്ളല , പൊട്ടാംപറമ്പിൽ ബിൽഡിംഗ് എന്ന സ്ഥാപനത്തിന് വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ₹43,953/- (ബിൽ നം.6/11.4.20 ൽ ഉൾപ്പെട്ട തുക) ഉൾപ്പെടെ ആകെ ₹1,43,803/- നൽകിയിട്ടുണ്ട്. എന്നാൽ ആയത് ലഭ്യമായതിന്റെ വിശദാംശങ്ങൾ ഫയൽ പരിശോധിച്ചതിൽ നിന്നും ലഭ്യമായിട്ടില്ല.

സി)

| | |
|---|---|
| പ്രോജക്ട് നമ്പർ | 22/20-21 |
| പ്രൊജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,സി എച്ച്.സി, മാലിപ്പുറം |
| അടങ്കൽ തുക | ₹1100000/-(വികസന ഫണ്ട് ,പൊതുവിഭാഗം സാധാരണ വിഹിതം) |
| ചെലവ് തുക/ബിൽനം. /തീയതി | ₹850844/-<br><br>₹47600/-<br>(10/20-21,15.2.21)<br>₹24410/-<br>(13/20-21,29.3.21)<br>₹581512/-<br>(4/20-21,19.8.20)<br>₹23930/-<br>(12/20-21,29.3.21)<br>₹53412/-<br>(6/20-21,15.2.21)<br>₹48960/-<br>(5/20-21,21.10.20)<br>₹71020/-<br>(14 /20-21,29.3.21) |

മേൽ പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി ലിസ്സി ഹോസ്പിറ്റൽ ഫാർമസ്യൂട്ടിക്കൽസ് സ്ഥാപനത്തിന് ₹5662/-യും (ആകെ തുക ₹53,412/-ബിൽ നം 6/20-21,തീയതി 15.2.21) (പ്രോഫോമ ഇൻവോയിസ് നം.L 259/20-21,15.10.20) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് ₹5,14,332/-യും (ആകെ തുക ₹5,81,512/-,ബിൽ നം.4/20-21, തീയതി 19.8.20), (പ്രോഫോമ ഇൻവോയിസ് നം.PRF-1729, തീയതി15.8.20) ഉൾപ്പെടെ ആകെ ₹5,19,994/- നൽകിയിട്ടുണ്ട്. ആയത് ലഭ്യമായതിന്റെ വിശദാംശങ്ങൾ ഫയൽ പരിശോധിച്ചതിൽ നിന്നും ലഭ്യമായിട്ടില്ല.

ക്രമ നം.(എ),(ബി),(സി) പദ്ധതികൾ പ്രകാരം മരുന്നുകളും വിവിധ ഉപകരണങ്ങളും ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമായതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/11.3.2022) മറുപടി ലഭ്യമായിട്ടില്ല. മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകുന്ന മുറക്ക് ആയതിന്റെ രേഖകൾ സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-23 മുളവുകാട് ശ്മശാനം-നവീകരണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമല്ല

പ്രൊജക്ട് നം : 101/21

പ്രൊജക്ടിന്റെ പേര് : മുളവുകാട് ശ്മശാനം നവീകരണം.

അടങ്കൽ : 5,51,638/- രൂപ വികസന ഫണ്ട് സാധാരണ വിഹിതം.

2018-19 വർഷത്തിൽ രൂപകല്പന ചെയ്ത ഈ പ്രൊജക്ടിൽ താഴെ പറയുന്ന കാര്യങ്ങളാണ് വിഭാവനം ചെയ്തിരുന്നത്.

| ഇനം | തുക | സാങ്കേതികാനുമതി |
|---|---|---|
| ഫർണസ് അറ്റകുറ്റ പണികൾ, ടോയ്‌ലറ്റ്, വിറക് പുര എന്നിവയുടെ നിർമ്മാണം | 965149 | LSGD/TS/2018-19 /86775 തീ. 16.6.2018 |
| വൈദ്യുതീകരണം | 34851 | |
| ആകെ | 1000000 | |

ഇത് പിന്നീട് താഴെ പറയും പ്രകാരം പുതുക്കുകയും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 27.2.2019 ലെ 1(1) തീരുമാനം പ്രകാരം അംഗീകരിക്കുകയും ചെയ്തിരുന്നു.

| ഇനം | തുക | സാങ്കേതികാനുമതി |
|---|---|---|
| ഫർണസ് അറ്റകുറ്റ പണികൾ, ടോയ്‌ലറ്റ്, വിറക് പുര എന്നിവയുടെ നിർമ്മാണം | 598655.21 | (ഉത്തരവ് നം. ലഭ്യമാക്കിയിട്ടില്ല) |
| വൈദ്യുതീകരണം | 401344.79 | |
| ആകെ | 1000000 | |

അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം 8.11.2019ന് പൂർത്തീകരിച്ച ഈ പ്രവൃത്തിക്ക് ഫയലിൽ ലഭ്യമാക്കിയിരിക്കുന്ന അന്തിമ ബിൽ പ്രകാരം പ്രവർത്തിയുടെ ആകെ മൂല്യം 595331.58 രൂപയാണ്. (അളവ് പുസ്തകങ്ങൾ-13 /EPB/18-19,13 A/EPB/18-19,13 B/EPB/18-19,13 C/EPB/18-19) പ്രവൃത്തിക്കായി നാളിതുവരെ താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| വർഷം | പ്രൊജക്ട് നം | നൽകിയ തുക | ബിൽ നം |
|---|---|---|---|
| 2018-19 | 46/19 | 227206രൂപ | 121-26.2.2019 |
| | | 113710 രൂപ | 148-23.3.2019 |
| 2019-20 | 70/20 | 107446. | 8-29/6/2019 |
| 2020-21 | 101/21 | 146970 | 21-28.4.2020 |
| ആകെ | | 595332 | |

ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമായില്ല.

1) പരിഷ്കരിച്ച എസ്റ്റിമേറ്റിൽ ഇലക്ട്രിക്കൽ പ്രവർത്തികൾക്കായി നീക്കിവെച്ച 401344.79 രൂപക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയതായോ, പ്രവർത്തി നടത്തിയതായോ കാണുന്നില്ല. ഇവ പൂർത്തീകരിക്കാതെ അന്തിമ ബിൽ നൽകുവാനുണ്ടായ കാരണവും വ്യക്തമാക്കപ്പെട്ടിട്ടില്ല. ഇവ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം നിലവിൽ ശ്മശാനം ഉപയോഗപ്രദമാണോയെന്നും അറിയിക്കേണ്ടതാണ്.

## 1-24 ഗ്രാമപഞ്ചായത്തിനു കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ചെലവുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും ചെലവഴിച്ചു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 172, ബ്ലോക്ക് പഞ്ചായത്തുകളുടെ അധികാരങ്ങളും, കർത്തവ്യങ്ങളും ചുമതലകളും നാലാം പട്ടിക, ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകൾ(ബി) X -പൊതുജനാരോഗ്യവും ശുചീകരണവും പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയായി നിർവചിച്ചിരിക്കുന്നത് ബ്ലോക്ക് പഞ്ചായത്തിനുള്ളിൽ എല്ലാതരം ചികിൽസാ സമ്പ്രദായങ്ങളിലുമുള്ള സാമൂഹികാരോഗ്യകേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക എന്നതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ട് ഫയലുകൾ പരിശോധിച്ചതിൽ നിന്നും ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എഫ്. എച്ച്.സി, കടമക്കുടി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പിഴല പി.എച്ച്.സി എന്നീ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികളായ മരുന്നു വാങ്ങി നൽകൽ, ദൈനംദിന ചെലവുകൾ, ജനറേറ്റർ വാങ്ങി നൽകൽ എന്നീ ഇനങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ചെലവുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/11.3.2022) മറുപടി ലഭ്യമായിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെ ചെലവുകൾ അതാതു ഗ്രാമപഞ്ചായത്തുകൾ തന്നെ വഹിക്കേണ്ടതാണ്. മേൽ പരാമർശിച്ചിട്ടുള്ള പി.എച്ച്.സി കൾ/ എഫ്.എച്ച്.സി കൾ ഗ്രാമപഞ്ചായത്തിന്

വിട്ടുകൊടുത്തിട്ടില്ലെങ്കിൽ ആയതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

1-25 പ്രവൃത്തി പൂർത്തീകരണം:തുടർവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റ് നം | 99/21 |
| പ്രവൃത്തിയുടെ പേര് | ചേരാനെല്ലൂർ വാർഡ് 17 വാര്യത്ത് തോട് സംരക്ഷണഭിത്തി നിർമ്മാണം. |
| അടങ്കൽ | 5,00,000/- രൂപ. (വികസന ഫണ്ട്) |
| സാങ്കേതീകാനുമതി | 5,00,000/- രൂപ (LSGD/TS /2019-20/43206 തി.18.6.2019 |
| കരാറുകാരന്റെ പേര് | ഹരേ ചന്ദ് |
| അളവ് പുസ്തകം | 2/EBP/19-20 |
| ചെലവഴിച്ച തുക | 112334/- രൂപ (ബിൽ നം.2/17.4.2020) |

2019-20 വർഷത്തിൽ വിഭാവനം ചെയ്ത ഈ പ്രവൃത്തി (പ്രൊജക്റ്റ് നം.67/20) ടെൻഡർ നടപടികളിലൂടെ ശ്രീ.ഹരേ ചന്ദ് എന്ന കരാറുകാരന് നൽകുകയും കരാർ ഉടമ്പടി ചമക്കുകയും ചെയ്തിരുന്നു. (കരാർ ഉടമ്പടി നം.02/AE/LSGD/EBP/19-20 തി.24.8.2019)എന്നാൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഈ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചതായി കാണുന്നില്ല. 23.2.2020 നകം ഈ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നുവെന്നും എന്നാൽ നാളിതുവരെ ഈ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ച് വാങ്ങാത്ത പക്ഷം പിഴ ഈടാക്കേണ്ടി വരുമെന്നും അസി.എക്സി.എഞ്ചിനീയർ 158/AEE/EBP/2020 തീ.3.9.2020 കത്തിലൂടെ കരാറുകാരനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർ നടപടികളൊന്നും കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/11.3.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ നിർവ്വഹണം മുടങ്ങിപ്പോയതിന്റെ കാരണം വ്യക്തമാക്കേണ്ടതോടൊപ്പം എടുത്ത തുടർനടപടികളുടെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

1-26 ടെൻഡർ നടപടികളിലെ അപാകങ്ങൾ

1) ടെൻഡറിലെ തിരുത്തലുകൾ സാക്ഷ്യപ്പെടുത്തുന്നില്ല.

2012ലെ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009-1 പ്രകാരം ലഭിച്ച ടെൻഡറുകളിൽ തിരുത്തലുകൾ ഉണ്ടെങ്കിൽ അവ ക്രമ നം. രേഖപ്പെടുത്തി തിയ്യതിയോടൊപ്പമുള്ള ചുരുക്കൊപ്പിട്ട് നിർവ്വഹണോദ്യാഗസ്ഥൻ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 2020-21 വർഷത്തിൽ നടപ്പിലാക്കിയ എസ്.സി. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ (പ്രൊജക്റ്റ് നം52/21) എന്ന പ്രവർത്തിക്ക് ശ്രീ.പി.എ.പോൾ എന്ന കരാറുകാരൻ സമർപ്പിച്ച ടെൻഡറിൽ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത് 4,46,402/- രൂപ എന്നത് തിരുത്തി 4,55,330/- രൂപ എന്നാക്കി മാറ്റിയിട്ടുണ്ടെങ്കിലും പ്രസ്തുത തിരുത്തിന് നിർവ്വഹണോദ്യാഗസ്ഥനായ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

2) ടെൻഡർ ഫോറങ്ങളിൽ കരാറുകാരുടെ പേര്,ഒപ്പ് എന്നിവയില്ല.

പല ടെൻഡർ ഫോറങ്ങളിലും അവശ്യം വേണ്ട വിവരങ്ങളായ കരാറുകാരുടെ പേര്, ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ടെൻഡർ ഫോറം വിൽക്കുന്ന സമയത്ത് രേഖപ്പെടുത്തുന്ന കരാറുകാരന്റെ പേരിൽനിന്നുമാണ് കരാറുകാരനെ മനസ്സിലാക്കുന്നത്. താഴെ പറയുന്ന പ്രവർത്തികളുടെ ടെൻഡറുകളിൽ ഈ അപാകങ്ങൾ ശ്രദ്ധയിൽ പെട്ടു.

1) എസ്.സി. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ(പ്രൊജക്റ്റ് നം52/21)എന്ന പ്രവർത്തിക്ക് ശ്രീ.പി.എ.പോൾ എന്ന കരാറുകാരന്റേതായി സമർപ്പിക്കപ്പെട്ട ടെൻഡറിൽ പേരോ, ഒപ്പോ രേഖപ്പെടുത്തിയിട്ടില്ല.

2) ചേരാനെല്ലൂർ വാർഡ് 2 കോനാപാടം തോട് ശുചീകരണം എന്ന പ്രവർത്തിക്കായി ശ്രീ.ലൂയിസ് കെ. ജെ, ശ്രീ.ജോസഫ് ലിനേഷ് എന്നിവർ സമർപ്പിച്ച ടെൻഡറുകളിലും ഇക്കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

മുകളിൽപറഞ്ഞിരിക്കുന്ന അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/11.3.2022)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-27 കെ എസ് ഇ ബി ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | S0018/21 |
| പ്രോജക്ടിന്റെ പേര് | പി എച്ച് സി പിഴലയുടെ ദൈനംദിന ചെലവ് |
| എസ്റ്റിമേറ്റ് തുക | 200000 |
| ഫണ്ടിനം | റോഡിതരം |
| ചെലവ് | 95470/- |
| ട്രഷറി ബിൽ നം | 52/10.8.20/33888<br>78/24.9.20/19367<br>67/19.09.20/42215 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പിഴല |

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം കെ. എസ്. ഇ. ബിയിൽ കറന്റ് ചാർജ് അടച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ ബില്ലിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം 23 തീയതി 14.3.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | വൗച്ചർ നം | തുക |
|---|---|---|
| 1 | 1/20-21/28.5.20 | 7862 |
| 2 | 4/20-21/28.7.20 | 22690 |
| 3 | 6/20-21/11.9.20 | 173814 |
| Total | | 204366 |

ചെലവിന്റെ കൃത്യത പരിശോധിക്കുന്നതിന് ബില്ലിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ബില്ലിന്റെ പകർപ്പ് ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-28 ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ,ടെൻഡർ ഫീ വിവരങ്ങൾ ലഭ്യമല്ല

ഓഡിറ്റ് എൻക്വയറി നം.11/11.3.2022 പ്രകാരം താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല.

1) സർക്കുലർ നം.DB1/7942/2010/CE/LSGD Dt.27.11.2019 പ്രകാരം ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെയും ഇ-ടെൻഡർ ഫീ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരങ്ങൾ.
2) നാളിതുവരെ ലഭിക്കുന്നതിനുള്ള ഇ ടെൻഡർ ഫീ തുക കണക്കാക്കിയിട്ടുണ്ടെങ്കിൽ തുകയുടെ വിവരം.

3) 2020-21 വർഷത്തിൽ മാന്വൽ ടെൻഡറിനായി വിറ്റഴിച്ച ടെൻഡർ ഫോറങ്ങളുടെ എണ്ണം,അവ വിറ്റയിനത്തിൽ ലഭിച്ച തുക.

4) 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ടെൻഡർ ഫോറങ്ങളുടെ വിലയിനത്തിൽ തുകയൊന്നും വരവ് വന്നതായി കാണുന്നില്ല. ആയതിന്റെ കാരണം.

3) ടെൻഡർ ഫോറം സ്റ്റോക്ക് രജിസ്റ്റർ.

4) അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ.

5) കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009-1 പ്രകാരം സൂക്ഷിച്ചിരിക്കേണ്ട ടെൻഡർ രജിസ്റ്റർ (അനുബന്ധം 2000 B പ്രകാരമുള്ളത്).

ഇത് സംബന്ധിച്ച വിവരങ്ങൾ ബ്ലോക്ക്പഞ്ചായത്തിൽ ലഭ്യമല്ലായെന്ന് എഞ്ചിനീയറിംഗ് സെക്ഷനിൽ നിന്നും അറിയിക്കുകയുണ്ടായി. ടെൻഡർ ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, ടെൻഡർ രജിസ്റ്റർ എന്നിവ സൂക്ഷിക്കാത്തത് കേരള പൊതുമരാമത്ത് മാന്വലിലെ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 ഭാഗികമായി മാത്രം പൂർത്തീകരിച്ച പ്രവൃത്തികൾ

താഴെ പറയുന്ന പ്രവൃത്തികൾ ഭാഗികമായി മാത്രം പൂർത്തീകരിച്ചതായി പ്രവൃത്തികളുടെ ഫയലിൽനിന്നും മനസ്സിലാകുന്നു.

1) കുറിച്ചിപ്പാടം സംരക്ഷണഭിത്തി നിർമ്മാണം. (പ്രൊജക്ട് നം.93/21)

48/2020 നമ്പറായി 2019-20 വർഷത്തിൽ രൂപീകരിച്ച ഈ പ്രൊജക്ടിന് സാങ്കേതികാനുമതി ലഭിച്ചിരിക്കുന്നത് 13,95,299/- രൂപക്കാണ്. ഇതിൽ 7,18,391.75 രൂപ മൂല്യം വരുന്ന പ്രവൃത്തിയിനങ്ങൾ മാത്രം പൂർത്തീകരിച്ചതായി അളവ് പുസ്തകത്തിൽനിന്നും മനസ്സിലാവുന്നു. (അളവ് പുസ്തകം നം.11/EBP/19-20) 291 മീറ്റർ പ്രവൃത്തി നടപ്പിലാക്കേണ്ടിയിടത്ത് 87.5 മീറ്റർ മാത്രം പ്രവൃത്തി പൂർത്തീകരിച്ചുവെന്നും ശേഷം വരുന്ന സ്ഥലത്ത് സ്ഥലം സംബന്ധിച്ച തർക്കം വന്നതിനാൽ ഭാഗികമായി മാത്രം പൂർത്തീകരിച്ചതായി മോണിറ്ററിംഗ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/11.3.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

2) മുളവ്കാട് വാർഡ് 2 വലിയപറമ്പ് ബൈലൈൻ കോൺക്രീറ്റ് കാന കവർ സ്ലാബ് നിർമ്മാണം. പ്രൊജക്ട് നം.61/21)

8,49,000/- രൂപക്ക് സാങ്കേതികാനുമതി ലഭിച്ച ഈ പ്രവർത്തിയുടെ 2,31,161/- രൂപ മൂല്യം മതിക്കുന്ന പ്രവൃത്തിയിനങ്ങൾമാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. തുടർന്ന് ഈ പ്രവൃത്തി പൂർത്തീകരിച്ചതായി കണക്കാക്കി അവസാനിപ്പിക്കുന്നതായി 19.1.2022 ലെ 2(3) നമ്പർ തീരുമാനപ്രകാരം ഭരണസമിതി തീരുമാനമെടുത്തതായി കാണുന്നു. ഇങ്ങനെ പ്രവൃത്തി അവസാനിപ്പിക്കുന്നതിനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/11.3.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

മുകളിൽ പറഞ്ഞിരിക്കുന്ന പ്രവൃത്തികൾ പാതി വഴിയിൽ ഉപേക്ഷിക്കുന്നതിനുണ്ടായ കാരണം വ്യക്തമാക്കേണ്ടതോടൊപ്പം പദ്ധതിക്ക് സ്ഥലം കൈമാറുമ്പോൾ തന്നെ തർക്കങ്ങൾ പരിഹരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-30 ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ നിലനിൽക്കുന്നു

പഞ്ചായത്തിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ആകെ 85 ഓഡിറ്റ് പരാമർശങ്ങളാണ് നടപടിയെടുക്കാൻ അവശേഷിക്കുന്നത്. 1995-96, 96-97 മുതലുള്ള വർഷങ്ങളിലെ പരാമർശങ്ങൾ നടപടിയെടുക്കാൻ അവശേഷിക്കുന്നുണ്ട്. 2013-14 മുതൽ 2019-20 വരെയുള്ള അവസാന ആറ് വർഷങ്ങളിലെ തീർപ്പാക്കാനവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ താഴെ ചേർക്കുന്നു.

1) ബ്ലോക്ക് പഞ്ചായത്തിന്റെ നേരിട്ടുള്ള ഭരണത്തിൽ ഉൾപ്പെടാത്തതും, പഞ്ചായത്തിന് വിട്ടുനൽകിയിട്ടില്ലാത്തതുമായ കാക്കനാട് റെഡ്ക്രോസ് ഭവന് ധനസഹായം നൽകിയ 2,00,000/- രൂപ 2013-14 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിരുന്നു. ഈ പരാമർശം നിലവിലും തുടരുകയാണ്.

2) നടപ്പാത കോൺക്രീറ്റ് ചെയ്തതിന് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതും യഥാർത്ഥത്തിൽ വാങ്ങിയതുമായ കമ്പിയുടെ അളവിൽ വ്യത്യാസം വന്നതിനെത്തുടർന്ന് 4548/-രൂപ 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിരുന്നു. ഈ പരാമർശം തീർപ്പാക്കിയിട്ടില്ല.

3) ഇ-ടെൻഡർ ഫോറവിലയിനത്തിൽ - ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകേണ്ട 82,930/-രൂപ ലഭ്യമായിട്ടില്ലെന്ന 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം തീർപ്പായിട്ടില്ല. ഇതേ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സി.ഡി.പി.ഒ ഓഫീസുകളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതിയിൽ അധികം ചെലവഴിച്ച 9,594/-രൂപ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ഈ പരാമർശവും നിലനിൽക്കുന്നു.

4) മരുന്ന് വാങ്ങൽ പദ്ധതികളിലെ അപാകതകൾ സംബന്ധിച്ച 2016-17 ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശവും തുടർനടപടി സ്വീകരിച്ച് തീർപ്പാക്കിയിട്ടില്ല.

5) ഉപയോഗത്തിലിരിക്കുന്ന സാംഖ്യ സ്റ്റേഷനറികളുടേയും മാനുവൽ രസീതുബുക്കുകളുടേയും സ്റ്റോക്ക് രജിസ്റ്റർ, ശുചീകരണപ്രവൃത്തികൾ നടത്തിയതിന്റെ ചെലവുസംബന്ധമായ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ലെന്ന 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം നിലവിലും രേഖകൾ ഹാജരാക്കാത്തതിനാൽ തുടരുകയാണ്.

6) 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് കൃത്യമായ തുടർനടപടി സ്വീകരിക്കാതെ മറുപടി

സമർപ്പിച്ചിരുന്നതിനാൽ നടപടി സ്വീകരിച്ച് മറുപടി ഹാജരാക്കുവാനാണ് ഓഡിറ്റ് നിർദ്ദേശിച്ചിരുന്നത്. ഈ റിപ്പോർട്ടിലെ പരാമർശങ്ങളെല്ലാം തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്.

7) 2019-20 ഓഡിറ്റ് റിപ്പോർട്ടും തുടർനടപടി സ്വീകരിക്കാൻ അവശേഷിക്കുന്നു.

അവസാന ആറ് വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തീർപ്പാകാതെ അവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ മാത്രമാണ് മുകളിൽ ചേർത്തിട്ടുള്ളത്. 1995-96, 96-97 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് പ്രഥമ മറുപടി ഹാജരാക്കാത്തതിനാൽ ഈ ഓഡിറ്റ് റിപ്പോർട്ടിലെ 26 പരാമർശങ്ങളും നിലനിൽക്കുന്നത് കൂടാതെ 1997-98 ലെ 41 ഖണ്ഡികകളും തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

.

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

തൻവർഷം സംയുക്ത പ്രോജക്ടുകൾക്ക് തുകയൊന്നും ലഭിച്ചിട്ടില്ല.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല.

### 4-6 സ്ഥിര നിക്ഷേപം

ഇല്ല.

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 41760750 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45437682 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6408149 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| വർഷം | ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 1,73814/- | ഡോ.മനോജ് അഗസ്റ്റിൻ<br>മെഡിക്കൽ ഓഫീസർ, CHC പിഴല |
| 1-17 | 32209/- | ശ്രീമതി ശ്രീകല. ഒ<br>ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 1-17<br>1-19 | 7791/-<br>6169814/- | ശ്രീ.രാജ്കുമാർ<br>ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 1-21 | 24521/- | ഡോ.ജിനു ആനിജോസ്,<br>മെഡിക്കൽ ഓഫീസർ, ചേരാനെല്ലൂർ. |
| ആകെ | 6408149/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥ |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഡോ. മനോജ് അഗസ്റ്റിൻ മെഡിക്കൽ ഓഫീസർ. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പിഴല | ചെമ്പരത്തി വീട്. തോട്ടുമുഖം.പി.ഒ., കീഴ്മാട്, ആലുവ |
| ശ്രീമതി. ശ്രീകല.ഒ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ വിമൻസ് ഡവലപ്മെന്റ് | ചിത്തിര, കുളത്തിൻകര, കാക്കാമൂല, കള്ളിയൂർ.പി.ഒ തിരുവനന്തപുരം |
| ശ്രീ.രാജ്കുമാർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ, പാലക്കാട് | ഗംഗോത്രി, കല്ലമ്പലം പി.ഒ, തിരുവനന്തപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96, 1996-97 | കെ എസ് എ-ഇ കെ എം (ബി.പി 3) 117/2016 തീ. 01.04.2016 | - |
| 1997-98 | എൽ.എഫ്.ഇ(സി)1037/02 തീ.3.12.01/30.3.02 | - |
| 1998-99 | കെ എസ് എ-ഇ കെ എം(ബി.പി) 1675/19, തീ. 30.09.19 | 4 |
| 2000-01 | കെ എസ് എ-ഇ കെ എം (ബി.പി 3) 117/2016 തീ. 01.04.2016 | 3 |
| 2005-06 | കെ എസ് എ-ഇ കെ എം(ബി.പി) 1675/19, തീ. 30.09.19 | 2 |
| 2006-07 | കെ എസ് എ-ഇ കെ എം(ബി.പി) 1675/19, തീ 30.09.19 | 3 |
| 2009-10 | കെ എസ് എ-ഇ കെ എം(ബി.പി) 1675/19, തീ 30.09.19 | 2 |
| 2010-11, 2011-12 | കെ എസ് എ-ഇ കെ എം(ബി.പി) 1675/19, തീ 30.09.19 | 1 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം (ബിപി.)300/2019, തീ.11.07.2019 | 8 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം (ബിപി.)274/2020, തീ.07.03.2020 | 10 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം.(ബിപി)907/2020 തീ.17/09/2020 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്